LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) രോഗവ്യാപനം തടയുന്നതിനുവേണ്ടി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെ കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) രോഗപ്രതിരോധ പ്രവർത്തനത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യ വകുപ്പ് ആവശ്യാനുസരണം ലഭ്യമാക്കിയിരുന്നു. രോഗപ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടവർക്ക് ആവശ്യമായ പേഴ്സണൽ പ്രൊട്ടക്ഷൻ എക്വിപ്മെന്റ് (പി.പി.ഇ.) സംസ്ഥാനത്ത് ലഭ്യമായിരുന്നവ ഉടനെ രോഗബാധിത ജില്ലകളിൽ എത്തിക്കുകയും കൂടുതലായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 10,000 പി.പി.ഇ. കിറ്റുകൾ വിമാനമാർഗ്ഗം ന്യൂഡൽഹിയിൽ നിന്നും എത്തിക്കുകയും ചെയ്തു. ഇതുകൂടാതെ 10,000 കിറ്റുകൾ കൂടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ രോഗബാധിത ജില്ലകളിൽ വിളിച്ചുകൂട്ടിയാണ് പ്രവർത്തനം ഏകോപിപ്പിച്ചിരുന്നത്. ആവശ്യമെങ്കിൽ ഇത്തരം യോഗങ്ങൾ വീണ്ടും വിളിച്ചുകൂട്ടുന്നതാണ്.

പക്ഷിപ്പനിമൂലം തകർന്ന ഇറച്ചി വ്യവസായം

236 (3523) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പക്ഷിപ്പനി സംസ്ഥാനത്തെ ഇറച്ചി വ്യവസായത്തെ തകർത്തു എന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ക്രിസ്തുമസ്, പുതുവത്സര സീസണുകളിൽ ഇറച്ചി/മുട്ടക്കച്ചവടം എന്നിവയിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അപാകതകൾ മൂലം നഷ്ടപ്പെടുന്നത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) സീസണ മുമ്പ് ഇത്തരത്തിൽ കാണാമറയത്തുള്ള പക്ഷിപ്പനി റിപ്പോർട്ടും പക്ഷികളുടെ മരണവും കച്ചവടം അട്ടിമറിക്കാനുള്ള എന്തെങ്കിലും പദ്ധതിയുടെ ഭാഗമാണോ എന്ന് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) അന്യസംസ്ഥാന ഇറച്ചിക്കച്ചവട ലോബികൾക്കായി മൃഗസംരക്ഷണ വകുപ്പിലെ ചില ഉദ്യോഗസ്ഥർ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുവാൻ താമസിച്ചതും പരിശോധനകൾ താമസിപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടുവോ എങ്കിൽ കാരണക്കാരായ ഇത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകപരമായ ശിക്ഷ നൽകുമോ ; ആരുടെയെല്ലാം പേരിൽ ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടില്ല.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും അവസരോചിതമായ ഇടപെടൽമൂലം പക്ഷിപ്പനി നിയന്ത്രണവിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ അപാകതകൾ ഉണ്ടായിട്ടില്ല.

(സി) ദേശാടനപക്ഷികളുടെ വരവു കൂടുതലായസമയത്താണ് പക്ഷിപ്പനി പടർന്നുപിടിച്ചത്. പക്ഷിപ്പനിബാധ കേന്ദ്ര സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട്. കച്ചവടം അട്ടിമറിക്കാനുള്ള പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും ഉണ്ടായതായി തെളിവൊന്നും ലഭിച്ചിട്ടില്ല.

(ഡി) പക്ഷിപ്പനി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അന്നുതന്നെ, സ്ഥിരീകരണത്തിനായി ബാംഗ്ലൂരിലെയും, ഭോപ്പാലിലെയും ലാബുകളിലേയ്ക്ക് അയച്ചിരുന്നു. പക്ഷിപ്പനി പോലുള്ള രോഗബാധിത നോട്ടിഫൈ ചെയ്യുന്നത് കേന്ദ്ര സർക്കാർ മുഖേന ആയതിനാലാണ് അവിടെനിന്നുള്ള സ്ഥിരീകരണത്തിനായി രണ്ടുദിവസം സമയമെടുത്തത്. ഇതുമായി ബന്ധപ്പെട്ട ഒരു പരിശോധനകൾക്കും കാലതാമസമോ, വീഴ്ചയോ ആരുടെയും ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാത്തതിനാൽ ആരുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടില്ല .

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം

237 (3524) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സമയങ്ങളിൽ പക്ഷിപ്പനി പ്രശ്നങ്ങളും പരിശോധനകളും പക്ഷി മരണങ്ങളും നടന്നിട്ടുണ്ട് ;

(ബി) എത്ര താറാവു കൃഷിക്കാർ ഉണ്ടെന്നും ഇവർ എത്ര താറാവുകളെ വളർത്തുന്നു എന്നും, ഇതിനായി സംസ്ഥാനത്താകമാനം പ്രസ്തുത കൃഷിക്കായി ചെലവാകുന്ന തുക എത്ര എന്നും വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം ഉദ്ദേശം എത്രയെന്നും ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്രയെന്നും വിശദമാക്കുമോ ;

(ഡി) പക്ഷിപ്പനിമൂലം എത്ര താറാവുകളെ കത്തിച്ചു ; ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്ര ; വ്യക്തമാക്കുമോ ;

(ഇ) ഇത്തരം നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ധനസഹായം നൽകി ; നാളിതുവരെ ഇതിനായി ചെലവഴിച്ച തുക എത്ര ;

(എഫ്) പക്ഷിപ്പനിക്ക് കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ; പ്രസ്തുത വൈറസ് മനുഷ്യരിലേക്ക് പടരാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2014 നവംബറിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് പക്ഷിപ്പനിയോ പക്ഷിപ്പനിമൂലമുള്ള മരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) താറാവ് കർഷകർ ക്കൂട്ടമല്ലും അസംഘടിത മേഖലയിലുള്ളവരായതിനാൽ വ്യക്തമായ കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാർ താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം 17835 ആണ്. ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം 44.5 ലക്ഷം രൂപയാണ്.